റാവുസാഹിബ്ബ് എം. എം. പോൾ:

(എ) ഉവ്വ്.

(ബി) അന്വേഷണം നടത്തുകയുണ്ടായി. ലേഖകൻ സൈക്കിൾ ഉപകരണങ്ങൾ ആവശ്യപ്പെട്ട സമയം സ്റ്റോക്കില്ലാതിരുന്നതിനാൽ പെർമിറ്റ് കൊടുക്കുവാൻ നിവൃത്തിയില്ലെന്നും ഈവക സാധനങ്ങൾക്കുള്ള അപേക്ഷകൾ അധികമുള്ളതിനാലും സാധനങ്ങളുടെ ദൌർല്ലഭ്യം നിമിത്തവും അത്യാവശ്യമുള്ളവർക്ക് മാത്രമെ അവ കൊടുക്കുവാൻ സാധിക്കുകയുള്ളുവെന്നും സാധനങ്ങൾ എത്തുന്ന നിശ്ചിതദിവസങ്ങൾ ഇസ്പെക്ടർക്കൊ കച്ചവടക്കാർക്കൊ മുൻകൂട്ടി ക്ലിപ്തപ്പെടുത്തുവാൻ നിവൃത്തിയില്ലെന്നുമാണ് മറുപടി പറഞ്ഞിട്ടുള്ളത്. അല്ലാതെ ലേഖനത്തിൽ പ്രസ്താവിച്ച മാതിരി ഹർജികളെ സംബന്ധിച്ച നടപടികളെപ്പറ്റിയൊ, അപേക്ഷകന്റെ ഉദ്ദേശം വരുമ്പോൾ തരുമെന്നൊ ദിവസേന വന്ന് അന്വേഷിച്ച് ഉള്ള സ്പോൾ വാങ്ങിച്ചുകൊള്ളണമെന്നൊ പറയാറുമില്ല, പറഞ്ഞിട്ടുമില്ല.

(സി) ഉവ്വ്.

GOVERNMENT MOTOR BOATS

371. മിസ്സർ കെ. എ. രാഘവൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമൊ —

(എ) കൊച്ചി സംസ്ഥാനത്ത് ഗവൺമെണ്ടുവകയായി എത്ര മോട്ടോർബോട്ടുകൾ ഉണ്ട്;

(ബി) അവകൾ എല്ലാം ഇപ്പോൾ നല്ല സ്ഥിതിയിലാണോ (good running condition) കിടക്കുന്നത്;

(സി) എത്ര ഡിപ്പാർട്ട്മെണ്ടിലേക്ക് ഗവൺമെണ്ടുബോട്ടുകൾ അതാതു ഡിപ്പാർട്ട്മെണ്ടിന്റെ ആവശ്യത്തിലേക്ക കൊടുത്തിട്ടുണ്ട്;

(ഡി) അങ്ങിനെ കൊടുത്തിട്ടുള്ള ബോട്ടുകളും ഇപ്പോൾ ശരിയായി ഓടുന്നുണ്ടോ;

(ഇ) ബാക്കിയുള്ള ബോട്ടുകൾ അത്യാവശ്യത്തിന് ഉപയോഗപ്രദമായ സ്ഥിതിയിൽ ആണോ സൂക്ഷിച്ചിട്ടുള്ളത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഫ ഠ ബോട്ടുകൾ.

(ബി) രണ്ടെണ്ണം ഒഴികെ ബാക്കി എട്ടെണ്ണം നല്ലസ്ഥിതിയിലാണ്.

(സി) പോലീസ് ഡിപ്പാർട്ട്മെണ്ടിലേക്ക ര ബോട്ടുകളും ഫിഷറി ഡിപ്പാർട്ട്മെണ്ടിലേക്ക ഒരു ബോട്ടും എക്സൈസ്സ് ഡിപ്പാർട്ട്മെണ്ടിലേക്ക ഒരു ബോട്ടും ഡിഫൻസ് ഡിപ്പാർട്ട്മെണ്ടിലേക്ക ഒരു ബോട്ടും കൊടുത്തിട്ടുണ്ട്.

(ഡി) പോലീസ് ഡിപ്പാർട്ട്മെണ്ടിലെ ര ബോട്ടുകളിൽ ഘ എണ്ണം പഴക്കത്താൽ ഉപയോഗശൂന്യമായ നിലയിൽ എത്തിയിരിക്കുന്നു. ബാക്കിയുള്ളവയെല്ലാം ഒരുമാതിരി തൃപ്തികരമായ നിലയിൽതന്നെയിരിക്കുന്നു.

(ഇ) അതെ.

MINERALS IN THE COASTAL REGIONS

372. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state,—what steps the Government of Cochin intend to take as regards Scientific researches,—

(*a*) to find out valuable minerals from the coastal and other regions of Cochin State;

(*b*) to find out medicinal specifics;

(*c*) to find out nutritional properties, such as vitamins of various kinds?

Mr. P. Sankaran Nambiyar *(Director of Public Instruction)*:

(*a*) It is hoped that a Geological Survey of the State will be conducted shortly.

(*b*) The purely chemical side is being attempted in the Maharaja's College, Ernakulam.

(*c*) The instructions received from the experts of the Government of India are being followed. No separate programme for the State is being adopted.

LIBRARY ARCHIVES Kerala Legislative Assembly